ഉത്തരം

(എ), (ബി) ഉണ്ട്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ട് 1989-ൽ ആണ് പ്രസ്തുത വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിനുള്ള മാനദണ്ഡം

71. [1853] ശ്രീ. ലോനപ്പൻ നമ്പാടൻ : തൊഴിൽ വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 1996 ഫെബ്രുവരി 29 വരെ എത്രപേർക്ക് ഏതെല്ലാം മേഖലയിൽ പുതിയതായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ യഥാകാലം പുതുക്കി കൊണ്ടിരിക്കുകയും ചെയ്യുന്നവരെയെല്ലാം തൊഴിൽ രഹിതരായി കണക്കാക്കുന്നു.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1995 ഡിസംബർ വരെ 16331 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേർക്കും പൊതുമേഖലയിലാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. 29-2-1996 വരെയുള്ള കൃത്യമായ കണക്ക് മേഖലതിരിച്ച് രേഖപ്പെടുത്തി നൽകുന്നതാണ്.

ടൂറിസം വികസന ഏജൻസി

72. [1854] ശ്രീ. ജോർജ്ജ് ജെ. മാത്യു : തൊഴിൽ വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസന ഏജൻസി രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് രൂപവൽക്കരിച്ചത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആൻറ് സി) സംസ്ഥാനത്തെ മൊത്തത്തിലുള്ള ടൂറിസം വികസന പ്രവർത്തനങ്ങൾക്കായി ഒരു ടൂറിസം വികസന ഏജൻസി രൂപവൽക്കരിച്ചിട്ടില്ല. എന്നാൽ, കോവളത്തെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "കോവളം വികസന ഏജൻസി" 11/94-ൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ പ്രധാന കർത്തവ്യം, കോവളം, അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ ഏകോപിതവും സമഗ്രവുമായ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക എന്നതാണ്.

ടൂറിസവും സെഗ്മെൻറുകളും

73. [1855] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടൂറിസം സെഗ്മെൻറുകളും ടൂറിസം കേന്ദ്രങ്ങളും ആയി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ മുതൽമുടക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ടൂറിസം വികസനത്തിനായി മുതൽ മുടക്കുന്ന ഹോട്ടൽ ഉടമകൾ, ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻറുമാർ, മറ്റു സ്വകാര്യ വ്യക്തികൾ എന്നിവർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. മൂലധനത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സബ്സിഡി.
2. വ്യവസായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കൽ.
3. പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു സബ്സിഡി.
4. ജീവനക്കാരുടെ പരിശീലനത്തിന് ആനുകൂല്യങ്ങൾ.
5. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പാ സൗകര്യങ്ങൾ.

താഴെ പറയുന്ന ഇനങ്ങൾക്കാണ് മേൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്.

1. ഒന്നുമുതൽ അഞ്ചുവരെയുള്ള സ്റ്റാർ ഹോട്ടലുകൾ.
2. അംഗീകാരമുള്ള ഹോട്ടലുകൾ.
3. അംഗീകാരമുള്ള റസ്റ്റാറൻറുകൾ.
4. സർക്കാർ അംഗീകാരമുള്ള അമ്യൂസ്മെൻറ് പാർക്കുകൾ.
5. റോപ്വേകൾ.
6. അംഗീകൃത ടൂർ ഓപ്പറേറ്റർമാർക്കും ട്രാവൽ ഏജൻറുമാർക്കും കാറുകൾ, കോച്ചുകൾ, ബോട്ടുകൾ, വിമാനങ്ങൾ എന്നിവ വാങ്ങുന്നതിന്.
7. സർഫിംഗ്, സ്കീയിംഗ്, ഗ്ലൈഡിംഗ് ട്രക്കിംഗ് തുടങ്ങിയവ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly